# കുടുംബാസൂത്രണത്തിൻെറ ധാർമ്മികവശം

ഡോ: കെ. ഭാസ്കരൻനായർ

മനുഷ്യൻ എന്ന ജന്തുവർഗ്ഗം ഇന്നു കാണുന്ന ശരീരപ്രകൃതിയോടുകൂടി ഭൂമിയിൽ ജീവിതം ആരംഭിച്ചിട്ട് പത്തുലക്ഷം വർഷങ്ങൾ മാത്രമേ ആയിട്ടുള്ളുവെന്നാണ് അനുമാനം. മററുള്ള ജീവജാതികൾക്കെല്ലാം അതിനേക്കാൾ വളരെയധികം പഴക്കമുണ്ട്. എങ്കിലും ജീവജാലത്തിൻെറ സുദീർഘമായ ചരിത്രത്തിൽ ഏററവും ഒടുവിലുണ്ടായ ഈ ജന്തുവർഗ്ഗം ഇത്രയും കാലത്തിനിടക്ക് ഭൂമിയിൽ ആകമാനം വ്യാപിക്കുകയും ലോകത്തിൻെറ നാഥനായിത്തീരുകയും ചെയ്തിരിക്കുന്നു. ആദ്യമുണ്ടായപ്പോൾ അത് അങ്ങുമിങ്ങും മാത്രം കാണപ്പെട്ട ഒരു അപൂർവ്വജീവിയായിരുന്നു. കൊമ്പോ കുളമ്പോ വിഷപ്പല്ലുകളോ പോലെ പ്രകൃതിദത്തമായ ആയുധങ്ങളൊന്നുമില്ലാതെ ആവിർഭാവമായ ഈ ജന്തുവിശേഷം തൻെറ ബുദ്ധിവൈഭവംകൊണ്ട് ആ പോരായ്മകളെ പരിഹരിക്കുകയും ശത്രുഭാവത്തിൽ വർത്തിച്ച മററു ജന്തുക്കളെയെല്ലാം കീഴടക്കുകയും ചെയ്തു. പത്തുലക്ഷം വർഷങ്ങൾകൊണ്ട് മനുഷ്യൻ നേടിയ ഈ ഉൽക്കർഷം അവൻെറ വർഗ്ഗത്തിലുള്ള വ്യക്തികളുടെ എണ്ണത്തെ എന്തെന്നില്ലാതെ വർദ്ധിപ്പിച്ചു. 1979 അവസാനത്തിൽ ഭൂമിയിൽ മനുഷ്യരുടെ എണ്ണം 430 കോടിയോളം ആയിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ വർദ്ധനവ് നിരന്തരം തുടരുകയാണ്.

കൂട്ടുപലിശക്കു വാങ്ങിയ കടം പെരുകുന്നതു പോലെയാണ് (മുതലിൻെറ പലിശയും പലിശക്കുപലിശയും ചേർന്ന്) ജനസംഖ്യ വർദ്ധിക്കുന്നത്. 'കുതിരയുടെ കൂടെ ഓടാം; പലിശയുടെ കൂടെ ഓടാൻ സാധ്യമല്ല' എന്ന പഴമൊഴിയിൽ പറയുന്നതുപോലെ കൂട്ടുപെരുക്കക്രമത്തിലുള്ള ഈ ജനസംഖ്യാ വർദ്ധനവ് ഭൂമിക്കും മനുഷ്യവർഗ്ഗത്തിനു തന്നെയും ആപത്തായിത്തീർന്നിരിക്കുന്നു എന്ന ഭീതി ലോ

(ഒന്നിൽ നിന്ന് തുടർച്ച)

ണുമാണ്.

കമാകെ പടർന്നിരിക്കുകയാണ് ജീവിതത്തിലെ മററുതരം പ്രയാസങ്ങൾക്ക് എന്തെങ്കിലും ഒരു പോംവഴി കണ്ടുപിടിക്കാം. അററകയ്യായി നശീകരണോപായങ്ങളെങ്കിലും സ്വീകരിക്കാം. പക്ഷേ പ്രതിവർഷം ഏഴുകോടി എന്ന കണക്കിൽ തുരുതുരാ വർദ്ധിക്കുന്ന ജനസഞ്ചയത്തെ എന്തു ചെയ്യാൻ കഴിയും? ഹിററ്ലർ യഹൂദവംശത്തെ നശിപ്പിക്കുവാൻ കൂട്ടക്കൊല നടത്തിയിട്ട് പന്ത്രണ്ടുവർഷം കൊണ്ട് 60 ലക്ഷത്തെമാത്രമേ കൊന്നൊടുക്കിയുള്ളു. അതുകൊണ്ട് ജനപ്പെരുപ്പം എന്ന ആപത്തിന് സംഹാരക്രിയകൊണ്ടുപോലും പരിഹാരം നേടുവാൻ സാധ്യമല്ല. "വാവലിന് വിരുന്നുവന്നാൽ ഉള്ള കൊമ്പിൽ തൂങ്ങും" എന്നു പറഞ്ഞതുപോലെ അധികമായി ഉണ്ടാകുന്ന മനുഷ്യരും ലോകത്തിൽ എങ്ങിനെയെങ്കിലും ജീവിക്കുകതന്നെ വേണം. ഇങ്ങനെ തുടർന്നുപോയാൽ ഈ ചെറിയ ഭുവനഗോളം മനുഷ്യസന്തതിയെ കൊണ്ടു നിറഞ്ഞു കവിയും. കുടിനീരിനുപോലും വഴിയില്ലാതെ ലോകം കഷ്ടപ്പെടുകയും ചെയ്യും.

ജനനനിരക്ക് വർദ്ധിച്ചതുകൊണ്ടാണ് ജനപ്പെരുപ്പം ഉണ്ടായിരിക്കുന്നത് എന്നൊരു ധാരണയുണ്ട്. ഇതു തെററാണ്. ആയിരം പേരുടെ ഇടക്ക് ഒരു വർഷം ശരാശരി ഉണ്ടാകുന്ന കുട്ടികളുടെ എണ്ണത്തിനാണ് ജനനനിരക്ക് എന്നു പറയുന്നത്. ഇത് അടിക്കടി കുറയുന്നതായാണ് ലോകമാകെയുള്ള അനുഭവം. ഇന്ത്യയുടെ കാര്യം തന്നെ ഉദാഹരണമായി എടുക്കാം. 1921-ൽ ഇവിടുത്തെ ജനനനിരക്ക് ആയിരത്തിന് 49 ആയിരുന്നു പക്ഷെ 1971 ആയപ്പോഴേക്ക് അത് ആയിരത്തിന് 39 ആയി കുറഞ്ഞു എ

(ശേഷം 3-ാം പേജിൽ)

വസ്ത്രങ്ങൾക്ക്

സമീപിക്കുക

ലക്ഷ്മണാസ്

Digitized by Kerala Sahitya Akademi

# കുടുംബാസൂത്രണത്തിൻെറ ധാർമ്മികവശം

(സപ്ലിമെൻറിൽനിന്നും തുടർച്ച)

ന്ന് വരികിലും ഈ അൻപതു വർഷത്തിനിടയ്ക്ക് ഈ രാജ്യത്തെ ജനസംഖ്യ 25 കോടിയിൽ നിന്ന് 55 കോടിയായി വർദ്ധിക്കുകയാണ് ചെയ്തത്. ജനങ്ങളുടെ എണ്ണത്തിനുണ്ടാകുന്ന വ്യത്യാസം മനസിലാക്കുന്നതിന് ജനന നിരക്കുമാത്രം നോക്കിയാൽ പോരാ എന്ന് ഈ ഉദാഹരണം തെളിയിക്കുന്നു. ആയിരം പേരുടെ ഇടയ്ക്ക് ഒരു വർഷത്തിനുള്ളിൽ 49 കുട്ടികൾ ജനിച്ചു എന്ന വസ്തുതയിൽ നിന്ന് അവരുടെ എണ്ണം 1049 ആയി വർദ്ധിച്ചു എന്ന് സിദ്ധിക്കുന്നില്ല. ജനനംപോലെ മനുഷ്യരുടെ എണ്ണത്തെ ബാധിക്കുന്ന സംഭവമാണ് മരണവും. അതുകൊണ്ട് മരണത്തിൻെറ കണക്കു കൂടി അറിഞ്ഞാൽ മാത്രമേ യഥാർത്ഥത്തിലുള്ള വ്യത്യാസം മനസിലാക്കുവാൻ സാധിക്കുകയുള്ളു. ഇന്ത്യയിലെ മരണനിരക്ക് 1921-ൽ ആയിരത്തിന് 48 ആയിരുന്നു. അതായത് ആയിരം പേരുള്ള ഒരു സമൂഹത്തിൽ അന്ന് ഒരു വർഷത്തിനിടയ്ക്ക് 49 ജനനങ്ങളും 48 മരണങ്ങളും സംഭവിച്ചിരുന്നു എന്നു ചുരുക്കം. ഈ നിരക്കുകളുടെ വ്യത്യാസം കേവലം ഒന്നുമാത്രമാണ്. അതായിരുന്നു അന്നത്തെ വർദ്ധനനിരക്ക്, ആയിരംപേരുള്ള സമൂഹം ഒരു വർഷംകഴിയുമ്പോൾ 1001 പേരുള്ള സമൂഹമാകും അത്രതന്നെ.

മുൻകാലങ്ങളിൽ ജനപ്പെരുപ്പം അനുഭവപ്പെടാതിരുന്നതിൻെറ രഹസ്യം ഇതാണ്. അന്ന് ജനനങ്ങളും, മരണങ്ങളും, എണ്ണത്തിൽ മിക്കവാറും തുല്യമായിരുന്നു. അതിനാൽ 1971 ആയപ്പോഴേക്ക് ഇന്ത്യയിലെ മരണനിരക്ക് ആയിരത്തിന് 14 ആയി കുറഞ്ഞു. വൈദ്യസേവനത്തിലും ആരോഗ്യരക്ഷയിലും ഉണ്ടായ പുരോഗതിയാണ് ഇതിൻെറ കാരണം. നാടുനീളെ ആശുപത്രികൾ വന്നു ധാരാളം ഡോക്ടർമാരുണ്ടായി. പുതിയ പുതിയ മരുന്നുകൾ പ്രചരിച്ചു, സാംക്രമികരോഗങ്ങൾ നിയന്ത്രിക്കപ്പെട്ടു. ഇതിൻെറയെല്ലാം ഫലമായിട്ടാണ് മരണനിരക്ക് കുറഞ്ഞത്. ജനനനിരക്കും നേരത്തെ പറഞ്ഞതുപോലെ, കുറഞ്ഞെങ്കിലും ഇത്രത്തോളം കുറഞ്ഞില്ല. അതുകൊണ്ട് അൻപതുവർഷംമുമ്പ് ആയിരത്തിന് ഒന്നുമാത്രമായിരുന്ന വർദ്ധനനിരക്ക് 1971ൽ ആയിരത്തിന് 25 ആയി. ഈ വിടവിലൂടെയാണ് ജനപ്പെരുപ്പം കുതിച്ചുകയറിയത്.

ജനനമരണങ്ങൾ തുല്യബലത്തിൽ നിൽക്കണം എന്നതാണ് പ്രകൃതിയുടെ നിയമം. എങ്കിൽമാത്രമെ ജീവിതത്തിന് സുസ്ഥിതിയുള്ളു. മനുഷ്യൻ ഒഴികെയുള്ള ജന്തുജാതികളിലെല്ലാം നാം ഈ സമനില കാണുന്നുണ്ട്. അതുകൊണ്ടാണ് അവയുടെയിടക്ക് "ജനപ്പെരുപ്പം" അനുഭവപ്പെടാത്തത്: ഈ നിയമത്തെ മനുഷ്യൻ അവൻെറ ബുദ്ധിഉപയോഗിച്ച് വൈദ്യസേവനത്തിലൂടെ ലംഘിച്ചു. അതിൽ അഭിമാനിക്കാമെങ്കിലും, മനുഷ്യവർഗത്തിന് അത് മറെറാരുതരത്തിൽ ആപത്തായിത്തീർന്നിരിക്കുന്നു.

ഇത്രവളരെ മനുഷ്യരെ സാമാന്യസുഖത്തിലെങ്കിലും പുലർത്തുവാനുള്ള വിഭവങ്ങൾ ഭൂമിയിലില്ല. ഈ ബോധോദയമാണ് കുടുംബാസൂത്രണപദ്ധതികൾക്ക് പ്രേരണനൽകിയത്. ഇവയുടെ ലക്ഷ്യം മനുഷ്യസന്താനങ്ങളെ നശിപ്പിക്കുകയല്ല. കേരളീയനായ ഒരു ഗ്രന്ഥകാരൻ നാലഞ്ചുവർഷംമുമ്പ് കുടുംബാസൂത്രണത്തെ എതിർത്തുകൊണ്ട്, ഇംഗ്ലീഷിൽ ഒരു പുസ്തകമെഴുതി. അതിന് അദ്ദേഹം നൽകിയ പേര് "ജനിക്കാത്തവരെ ക്രൂശിക്കൽ" (Crucifixion of the Unborn) എന്നാണ്. കുടുംബാസൂത്രണം എന്നാൽ ഗർഭച്ഛിദ്രം എന്നാണ് അർത്ഥമെങ്കിൽ ഈ പേരിന് പ്രസക്തിയുണ്ട്- ഒരു പക്ഷെ. അൽപം ധർമ്മരോഷത്തിനും ന്യായമുണ്ടായിരിക്കാം. എന്നാൽ അതല്ലകുടുംബാസൂത്രണം കൊണ്ടു സാധിക്കുന്നത്. സന്താനങ്ങൾ ഭ്രൂണവസ്ഥയിൽപോലും ഉണ്ടാകാതെ തടയുവാനാണ് ഈ പരിപാടിയുടെ യത്നം. ഇതിൽ എവിടെയാണ് ജനിക്കാത്തവരുടെ കുരിശിൽ തറക്കുന്ന പാപകർമ്മവും വരുന്നതെന്ന് മനസിലാകുന്നില്ല.

മനുഷ്യരിൽ സ്ത്രീപുരുഷ ബീജങ്ങൾ സംയോജിച്ചാൽ മാത്രമേ സന്താനം ഉണ്ടാവുകയുള്ളു. അതു സാധിക്കുന്നതിനുള്ള പ്രേരണയാണ് കാമവികാരം. (ഇന്നത്തെ സിനിമാസംസ്കാരത്തിൽ ഈ പ്രേരണക്ക് കാമമെന്നോ. രാഗമെന്നോ, അല്ല, സെക്സ് എന്നാണ് പേര്!) ഈ വികാരത്തെ നിയന്ത്രിക്കുന്നതാണ് ഏററവും നല്ലകുടുംബാസൂത്രണമാർഗം. അത് സാധാരണക്കാർക്ക് സാധ്യമല്ലെന്ന് എല്ലാവരും സമ്മതിക്കുന്നു. അസാധാരണക്കാർക്കും കൃച്ഛ്രസാധ്യമാണെന്നാണല്ലൊ 'വിശ്വാമിത്രപരാശരപ്രഭൃതയോ' എന്ന പ്രസിദ്ധമായ ശ്ലോകത്തിൽ ഭർത്തൃഹരി പ്രഖ്യാപിക്കുന്നത്. അതുകൊണ്ടാണ് മററുമാർഗങ്ങൾ കണ്ടുപിടിക്കുവാൻ വൈദ്യശാസ്ത്രം നിർബന്ധിതമായത്. സത്യമാലോചിച്ചാൽ ആത്മനിയന്ത്രണത്തിൽ അന്തർഭവിച്ചിട്ടുള്ള അധാർമ്മികതയേ ഇവയിലുമുള്ളു. ജീവചൈതന്യത്തിൻെറ ഏററവും പ്രധാനലക്ഷണമായ പ്രത്യുൽപാദനധർമ്മത്തെ മുടക്കുകയാണ് ചെയ്യുന്നത് രണ്ടിലും ചെയ്യുന്നത്. ധാർമ്മികപ്രശ്നങ്ങളെക്കുറിച്ചുള്ള വിചിന്തനം അത്യന്തം സങ്കീർണമാണ്. അവക്ക് വസ്തുനിഷ്ഠവും എല്ലാവരും അംഗീകരിക്കുന്നതുമായ മാനദണ്ഡങ്ങളില്ല. ഒരാളിന് ധർമ്മമായിത്തോന്നുന്നത് മറെറാരാളിന് അധർമ്മമായിക്കൂടായ്കയില്ല. ലോകചരിത്രത്തിൽ ആദ്യന്തംകാണുന്ന ഒരു വസ്തുതയാണല്ലോ യുദ്ധം. പക്ഷെ ഒരേയുദ്ധംതന്നെ ഒരുകൂട്ടർക്ക് ധർമ്മയുദ്ധവും എതിരാളികൾക്ക് അധർമ്മയുദ്ധവുമാകാറുണ്ട്. എന്നാലും പ്രകൃതിയിൽ നിന്ന് തന്നെനമുക്ക് ചില സൂചനകൾ ലഭിക്കുന്നു. ജന്തുസന്താനങ്ങളുടെ കാര്യത്തിൽ യാതൊരു ദാക്ഷിണ്യവുമില്ലാത്തതാണ് പ്രകൃതി പെരുമാറുന്നത്. വംശം നിലനിർത്തുവാനാണല്ലോ എല്ലാ ജന്തുക്കളും സന്താനങ്ങളെ ജനിപ്പിക്കുന്നത്. അതിന് ഒരു വ്യക്തിക്ക് ഒരു സന്താനം എന്ന തോതിലുള്ള പ്രത്യുൽപ്പാദനമേ ആവശ്യമുള്ളു. പക്ഷെ അതല്ല പ്രകൃതിയുടെ നയം. വൻതോതിലുള്ളസന്താനോൽപാദനമാണ് എല്ലാ ജന്തുജാതികളിലും നടക്കുന്നത്. മററു ജന്തുക്കളെ അപേക്ഷിച്ചു മനുഷ്യൻ ഇക്കാര്യത്തിൽ അല്പം ഭേദമാണെന്നുതന്നെ പറയാം. മുപ്പതിൽ കൂടുതൽ പ്രസവിച്ച സ്ത്രീകളെപ്പററി കേട്ടിട്ടില്ല. എന്നാൽ മുപ്പതും മൂവായിരവും ഒന്നുമല്ല, ലക്ഷക്കണക്കിൽതന്നെ മുട്ടയിടുന്ന ജന്തുക്കളുണ്ട്. ഓരോ മുട്ടയും ഓരോ സന്താനമായി വളരുവാൻ കഴിയുന്നതുമാണ്. പലപ്പോഴും അവയെ വിരിഞ്ഞിറങ്ങുകയും ചെയ്യും. പക്ഷേ അവയിൽ ബഹുഭൂരിപക്ഷവും ദുർമ്മരണത്തിന് ഇരയായിത്തീരുന്നു. ഒടുവിൽ ആകെക്കൂടി നോക്കുമ്പോൾ ഒന്നിനൊന്ന് എന്ന കണക്കിലുള്ള സന്താനങ്ങൾ മാത്രമേ അവശേഷിക്കുകയുള്ളു. പ്രകൃതിയിൽ നിത്യവും നടക്കുന്ന അതിഭയങ്കരമായ ഈ കൂട്ടക്കൊലയ്ക്ക് എന്ത് ധർമ്മവും നീതിയുമാണുള്ളത? ഒരു ഉറുമ്പിനെ കൊല്ലുന്നതുപോലും അങ്ങേയററത്തെ അധർമ്മമായി ജൈനമതക്കാരും ബുദ്ധമതക്കാരും കരുതുന്നു. പക്ഷേ "പ്രാണികൾ ഒക്കെ അമ്മയാം" പ്രകൃതീശ്വരി ഒരു ജീവിയോടും കാരുണ്യം കാണിക്കുന്നില്ല. ഭുവനജീവിതം ദുർമരണത്തിൻെറ കേളീരംഗമായതുകൊണ്ട് എണ്ണത്തിൻെറ വലുപ്പത്തിലൂടെ ആ ആപത്തിനെ ജയിക്കുവാനാണ് അവർ ശ്രമിക്കുന്നത്. ലക്ഷക്കണക്കിൽ സന്താനങ്ങളെ ജനിപ്പിക്കുന്ന ഒരു ജന്തുവിൻെറ അപത്യസഞ്ചയത്തിൽ ഒരെണ്ണമെങ്കിലും എങ്ങിനെയെങ്കിലും തട്ടിപ്പിഴച്ചു അവശേഷിക്കുകയും പ്രായപൂർത്തിയെ പ്രാപിക്കുകയും ചെയ്താൽ ആ വംശം നിലനിൽക്കുമെന്നാണ് അവളുടെ കണക്കുകൂട്ടൽ.

ജനനമരണങ്ങളെ സമബലത്തിൽ നിർത്തി ജീവിതത്തിന് സുസ്ഥിതിയും പിൻതുടർച്ചയും നൽകുന്ന ഈ പ്രകൃതിതന്ത്രത്തെ ബുദ്ധിമാനായ മനുഷ്യൻ അതിലംഘിച്ചു. ധർമ്മബോധംകൊണ്ടോ, ദയാവായ്പുകൊണ്ടോ, സ്നേഹവാൽസല്യങ്ങൾകൊണ്ടോ ദുർമ്മരണം അവന് ദുസ്സഹമായിത്തീരുകയും വൈദ്യശാസ്ത്രവും ആരോഗ്യരക്ഷാനടപടികളും കണ്ടുപിടിച്ച് ആ ദുഃഖത്തെ അവൻ ജയിക്കുകയും ചെയ്തു അപ്പോഴാണ് ഓർക്കാപ്പുറത്തു കിട്ടിയ പ്രഹരം പോലെ ജനപ്പെരുപ്പം അവൻെറ വംശത്തിന് ആപത്തായിത്തീർന്നത് ഇന്നത്തെ ലോകസ്ഥിതിയിൽ രോഗബാധയിലും മററ് ആപത്തുകളിലും നിന്ന് രക്ഷനേടി ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും നരകിക്കുവാനാണ് മനുഷ്യവർഗത്തിൻെറ വിധിയെന്ന് തോന്നിപ്പോകുന്നു 1975-ലെ കണക്കനുസരിച്ച് ഒന്നാം ലോകം എന്നു പറയുന്ന സമ്പന്നരാഷ്ട്രങ്ങളിൽ 74 കോടി ജനങ്ങളും രണ്ടാം ലോകമായ സോഷ്യലിസ്ററു രാജ്യങ്ങളിൽ 38 കോടിയും പിൻകിടക്കാരായ മൂന്നാം ലോകത്തിൽ 288 കോടിയും ജീവിക്കുന്നു. ഒന്നാം ലോകത്തിനും രണ്ടാം ലോകത്തിനും ജനപ്പെരുപ്പം ഒരു ഭീഷണിയല്ല. സ്വന്തം വിഭവങ്ങൾ കൊണ്ടും മൂന്നാം ലോകത്തെ നേരിട്ടും അല്ലാതെയും ചൂഷണം ചെയ്തും അവർ ഏറെക്കുറെ സുഖത്തിൽ കഴിയുകയാണ്. രാഷ്ട്രീയതന്ത്രങ്ങൾ കൊണ്ടും അപാരമായ ആയുധശക്തി കൊണ്ടും ആ സൗഭാഗ്യത്തെ നിലനിർത്തുവാനും അവർ ശ്രമിക്കുന്നു. പക്ഷേ ചരിത്രഗതിയുടെ ശാപമേററ മൂന്നാംലോകം അന്ധകാരമയമായ ഭാവിയെയാണ് അഭിമുഖീകരിക്കുന്നത്. എടുക്കുമ്പോഴൊന്ന്, തൊടുക്കുമ്പോൾ പത്ത്, വിടുമ്പോൾ നൂറ്. കൊള്ളുമ്പോൾ ആയിരം, എന്ന കണക്കിൽ പെരുകിക്കൊണ്ടിരിക്കുന്ന അവിടുത്തെ ജനങ്ങൾക്ക് ഒരു മേൽഗതിയുമില്ല അവരുടെ ദുരിതപൂർണ്ണമായ ജീവിതം ഇന്നത്തെ കഷ്ടിപിഷ്ടിയായ നിലയിലെങ്കിലും തുടരണമെങ്കിൽ ജനപ്പെരുപ്പത്തെ തടയുകതന്നെ വേണം. അതിന്, ഒന്നുകിൽ മരണനിരക്ക് വർദ്ധിക്കണം; അല്ലെങ്കിൽ ജനനനിരക്ക് കുറയണം. മരണനിരക്ക് വർദ്ധിക്കുക എന്ന മാർഗം ചിന്തിക്കുവാൻ പോലും സാദ്ധ്യമല്ല. അത് അധർമ്മമാണ് മഹാപാപമാണ് അപ്പോൾ പിന്നെ ഒരൊററ രക്ഷാമാർഗമേയുള്ളു. ജനനനിരക്ക് കുറക്കുക. ജനനമരണങ്ങളെ സമനിലയിലാക്കി. കുതിച്ചുകയറുന്ന ജനസംഖ്യാ വർദ്ധനവിനെ പിടിച്ചുനിറുത്തുക. ഇതിനുവേണ്ടിയുള്ള ഉപായമാണ് കുടുംബാസൂത്രണം. അതിൽ അധർമ്മം കാണുന്നവർ പിറക്കും തലമുറകളോട് കരുണയില്ലാത്തവരാണ്. മനുഷ്യസന്തതിയുടെ മഹാസങ്കടത്തെ നിലനിർത്തുവാൻ മോഹിക്കുന്നവരാണ്.

## സ്വയംസേവകർ ക്ഷേത്ര

മരട്, ജനുവരി 25

അതിപുരാതനവും അനേകം ഭക്തജനങ്ങളെ ആകർഷിയ്ക്കുന്നതുമായ അയ്നി ക്ഷേത്ര പരിസരം 'ധനേശിൻെറ നേതൃത്വത്തിൽ മരടിലെ ആർ. എസ്. എസ്. പ്രവർത്തകർ വൃത്തിയാക്കിയിരിക്കുന്നു.

ചരിത്ര പ്രസിദ്ധമായ ഈ ക്ഷേത്രവും അമ്പലവളപ്പും ആരുമാരും വൃത്തിയാക്കാതെ ദുഃഖവും അറപ്പും ഉളവാക്കുന്ന രീതിയിലായിരുന്നു കിടന്നിരുന്നത്.

ധനേശിൻെറ നേതൃത്വത്തിൽ മരടിലെ സ്വയം സേവകരുടെ ഒരു സംഘം സന്തോഷത്തോടും ഉൽസാഹത്തോടും ഒരുദിവസം മുഴുവൻ അദ്ധ്വാനിച്ച് ക്ഷേത്രവളപ്പും പരിസരവും പുല്ലു ചെത്തിയും കാടുതെളിയിച്ചും കല്ലുകൾപെറുക്കിമാററിയും വൃത്തിയാക്കി. ഇപ്പോൾ ക്ഷേത്രത്തിന് പഴയ അന്തസ്സിൻെറ കുറെ ഭാഗമെങ്കിലും തിരിച്ചു കിട്ടിയിരി

Digitized by Kerala Sahitya Akademi